## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 28 .9.2022 മുതൽ 02.10.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 39/2022,(77) ചൊവ്വാഴ്ച | തീയ്യതി 27/9/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 28.09.2022 | 29.09.2022 | 30.09.2022 | 01.10.2022 | 02.10.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.6 | 0.2 | 5 | 0.1 | 2 |
| ഉയർന്ന താപനില (°C) | 30 | 31 | 31 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 6 | 5 | 5 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 320 | 290 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 4 | 8 | 7 | 8 |

**കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.**

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 സെപ്റ്റംബർ 28 | 2022 സെപ്റ്റംബർ 29 | 2022 സെപ്റ്റംബർ 30 | 2022 ഒക്ടോബർ 01 | 2022 ഒക്ടോബർ 02 |
|---|---|---|---|---|
| വളരെ നേരിയ മഴ | വളരെ നേരിയ മഴ | നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതു നിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് -മുണ്ടകൻ | നിലം ഒരുക്കൽ | മുണ്ടകൻ കൃഷി ഇറക്കുന്ന കോൾ പാടങ്ങളിൽ നിലം ഒരുക്കി കുമ്മായം ഇട്ടുകൊടുക്കകയും , ഞാറ്റടി തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ഞാറ്റടി തയ്യാറാക്കുന്നതിന് മുൻപ് വിത്ത് സ്യൂഡോമോണോസുമായി കൂട്ടിക്കലർത്തുന്നത് രോഗബാധയകറ്റുന്നതിന് സഹായിക്കും. (ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക.) |
| വാഴ | കുഴപ്പിള്ളി രോഗം | പാകമായ കായ്കളിൽ കറുപ്പ് കലർന്ന തവിട്ടു നിറത്തിലുള്ള വൃത്താകൃതിയിലുള്ള കുഴിഞ്ഞ പുള്ളികൾ കാണുന്നതാണ് രോഗലക്ഷണം. ഇതിനെ നിയന്ത്രിക്കാൻ തോട്ടത്തിലെ ഉണങ്ങിയതും രോഗം ബാധിച്ചതുമായ ഇലകൾ മുറിച്ചുമാറ്റേണ്ടതും കുല പൊതിയുകയും ചെയ്യേണ്ടതാണ്. തുടർച്ചയായി രോഗം കാണുന്ന സ്ഥലങ്ങളിൽ കുല മൂപ്പെത്തുന്ന പക്ഷം കുല വിരിഞ്ഞ് ഒരു മാസത്തിനുള്ളിൽ അര മില്ലി അസോക്സിസ്ട്രോബിൻ അല്ലെങ്കിൽ അര ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ (നാറ്റിവോ) ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുലകളിൽ തളിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | മുൻകരുതലായി ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. രോഗം ബാധിച്ച വള്ളികൾ മുറിച്ച് കളഞ്ഞ് കൊടികളിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചെടിയുടെ തടത്തിൽ ഒഴിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം- : കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. അകിട് വീക്കത്തിനെതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയോടൊപ്പം നിർദിഷ്ട അളവിൽ വിറ്റാമിൻ ധാതു ലവണ മിശ്രിതം നൽകുക. (CAADECCS, KVASU, Mannuthy).